പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1356 — 13.06.2014 - ൽ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പയുടെ പലിശ സബ്സിഡി ഉപയോഗപ്പെടുത്താത്തത് സംബന്ധിച്ച്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.പി. മുഹമ്മദ് | | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ബി.പി.എൽ. കുടുംബത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസ വായ്പയുടെ പലിശ സബ്സിഡി അനുവദിക്കാനുള്ള പദ്ധതി വേണ്ട രീതിയിൽ പ്രയോജനപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പലിശ സബ്സിഡി നൽകാത്തതിനാൽ ബാങ്കുകൾ വായ്പാ റിക്കവറി നടപടികൾ തുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | വിദ്യാഭ്യാസ വായ്പക്ക് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച മോറട്ടോറിയം നിലവിലുണ്ട്. പലിശ സബ്സിഡിക്ക് അർഹരായ വിദ്യാർത്ഥികൾക്കെതിരെ ബാങ്കുകൾ റിക്കവറി നടപടികൾ സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഓരോ ജില്ലയിലും എത്ര പേർക്ക്, ആകെ എത്ര തുകയാണ് 2013–14 വർഷത്തിൽ പലിശ സബ്സിഡി യായി സർക്കാരിൽ നിന്നും ജില്ലാ കളക്ടർമാർ വാങ്ങി ബാങ്കു കൾക്ക് കൈമാറിയിട്ടുള്ളത് ; | (സി) | സർക്കാർ പലിശ സബ്സിഡിയായി അനുവദിച്ച ഓരോ ജില്ലയിലെയും അപേക്ഷകരുടെ എണ്ണവും, ഓരോ ജില്ലയ്ക്കും സർക്കാർ അനുവദിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു. പലിശ സബ്സിഡിയിനത്തിൽ ജില്ലാ കളക്ടർ-മാർ, ബാങ്കുകൾക്ക് കൈമാറിയിട്ടുള്ള തുക സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | യഥാസമയത്ത് പലിശ സബ്സിഡി കളക്ടറേറ്റുകളിൽ നിന്നും കൈമാറാൻ സാധിക്കാത്തതിനാൽ ഇത്തരത്തിലുള്ള ഗുണഭോക്താക്കളുടെ അക്കൗണ്ടുകൾ എൻ.പി.എ. ആയതായി കണ്ടെത്തിയിട്ടുണ്ടോ ? | (ഡി) | ചില ഒറ്റപ്പെട്ട കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ജില്ല | പലിശയിളവ് അനുവദിച്ച അപേക്ഷകരുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| തിരുവനന്തപുരം | നിർദ്ദേശം ലഭിച്ചിട്ടില്ല | |
| കൊല്ലം | ഫണ്ട് അനുവദിക്കാൻ ധനകാര്യ വകുപ്പിന് അയച്ചിട്ടുണ്ട്. | |
| പത്തനംതിട്ട | 360 | 2,29,33,000/- |
| ആലപ്പുഴ | 504 | 3,12,60,000/- |
| കോട്ടയം | 2527 | 12,08,37,000/- |
| ഇടുക്കി | 1192 | 6,27,60,000/- |
| എറണാകുളം | 649 | 4,14,45,000/- |
| തൃശ്ശൂർ | 470 | 3,21,17,000/- |
| പാലക്കാട് | 148 | 73,53,000/- |
| മലപ്പുറം | കൃത്യമായ നിർദ്ദേശം ലഭിച്ചിട്ടില്ല. | |
| കോഴിക്കോട് | 503 | 2,07,43,000/- |
| വയനാട് | 8 | 2,60,000/- |
| കണ്ണൂർ | 362 | 1,83,03,000/- |
| കാസർഗോഡ് | 118 | 63,64,000/- |
| **ആകെ** | **6481** | **36,43,75,000/-** |